(സി) ഇത്തരം നിധിയിൽ നിന്നും സ്കോളർഷിപ്പ് നല്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ;

(ഡി) സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കൂടുതൽ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നല്കുന്നതിന് നിലവിലെ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) സഞ്ചിത നിക്ഷേപമായി 3 കോടി രൂപയും 2010-2011 വർഷത്തിൽ സ്കോളർഷിപ്പ് നൽകുന്നതിന് ഗ്രാന്റ് ഇൻ എയ്ഡായി 1.22 കോടി രൂപയും ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിക്കായി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇതിനുപുറമേ, നാളിതുവരെ 27,17,034 രൂപ പൊതുജനങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നിധിയിലേക്ക് സംഭാവനയായും ലഭിച്ചിട്ടുണ്ട്.

(ബി) 2009-10-ൽ 6 ആദ്യവർഷ ബിരുദ വിദ്യാർത്ഥികൾക്ക് 12,000 രൂപ വീതം സ്കോളർഷിപ്പ് നൽകിയിരുന്നു. ഇവരിൽ 5 പേർക്ക് 2010-11-ൽ തുടർ സ്കോളർഷിപ്പായി 18,000 രൂപ വീതം നൽകുകയും ചെയ്തു. ഇതിനുപുറമേ, 2010-11-ൽ 1000 ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് 12,000 രൂപ വീതം സ്കോളർഷിപ്പ് നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 822 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ഇതിനോടകം നൽകി കഴിഞ്ഞു. ശേഷിച്ച 178 പേരുടെ സ്കോളർഷിപ്പ് കൂടി താമസംവിനാ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മെറിറ്റിന്റേയും വരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നിലവിൽ 50% ഓപ്പൺ മെറിറ്റ് കാറ്റഗറിയിലും 37% ബി.പി.എൽ. കാറ്റഗറിയിലും 10% എസ്.സി./എസ്.റ്റി. കാറ്റഗറിയിലും 3% ശാരീരിക വിഷമതകൾ അനുഭവിക്കുന്ന കാറ്റഗറിയിലുമാണ് സ്കോളർഷിപ്പ് നൽകുന്നത്. വ്യവസ്ഥകളിൽ മാറ്റം വരുത്താനുള്ള നിർദ്ദേശം പരിഗണനയിലില്ല.

ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തുടർപരിശീലന പദ്ധതി

88(777) ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകർക്ക് എന്തൊക്കെ പുതിയ തുടർ പരിശീലന പദ്ധതിക്കാണ് രൂപം നല്കിയിരുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാജ്യത്തെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ പ്രശസ്ത സർവ്വകലാശാലകൾ എന്നിവയുടെ സഹകരണം ഇതിനായി ഉറപ്പാക്കിയിരുന്നുവോ ;

(സി) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ ഗവേഷണ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള അന്താരാഷ്ട്ര അംഗീകാരമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നല്കാൻ നടപടികൾ സ്വീകരിച്ചിരുന്നുവോ ;

(ഡി) ഇതിനായി ഇത്തരം ഗവേഷണ സ്ഥാപനങ്ങളുടെ അനുമതിപത്രം ലഭിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ;

(ഇ) ഈ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി യു.ജി.സി, കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകർക്ക് ഈ വർഷം കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടത്തുള്ള അക്കാദമിക് സ്റ്റാഫ് കോളേജ്, സ്റ്റാർട്ട് (സ്റ്റിമുലേറ്റിംഗ് ടീച്ചേഴ്സ് ത്രൂ അഡ്വാൻസ്ഡ് ട്രെയിനിംഗ്) എന്ന പരിശീലന പരിപാടി നടത്തിവരുന്നുണ്ട്. ഫാക്കൽറ്റി വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അദ്ധ്യാപകർക്കായി റിഫ്രഷർ കോഴ്സുകൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, നൂതന മേഖലകളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ, പുതുതായി നിയമിക്കപ്പെട്ട അദ്ധ്യാപകർക്കായുള്ള ഇൻഡക്ഷൻ കോഴ്സ് എന്നിവ ഉൾപ്പെടുത്തുന്നു. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2010-11 സാമ്പത്തിക വർഷം 28 ഹ്രസ്വകാല കോഴ്സുകളും 6 ദേശീയ അന്തർദേശീയ സെമിനാറുകളും സംഘടിപ്പിക്കുകയും, ഐ.എം.ജി, എൻ.ഐ.റ്റി.റ്റി.റ്റി.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തിവരികയാണ്.

(ബി) കേരളത്തിന് അകത്തും പുറത്തുമുള്ള പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെയും വിദഗ്ദ്ധരുടെയും സഹകരണം ഉറപ്പാക്കി വരുന്നുണ്ട്. ഇതിലേക്കായി 2010-11 അദ്ധ്യയനവർഷം 60 ലക്ഷം രൂപ നീക്കിവച്ചിട്ടുമുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത് സർവ്വകലാശാല വകുപ്പുകൾ, അക്കാദമിക് സ്റ്റാഫ് കോളേജുകൾ, അന്തർസർവ്വകലാശാല കേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങളുള്ള കോളേജുകൾ എന്നിവിടങ്ങളിലാണ്. ഐ.ഐ.ടി. ചെന്നൈ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ സ്ഥാപനങ്ങളുമായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പ് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഐ.ഐ.ടി ചെന്നൈ, എൻ.ഐ.ഐ.എസ്.റ്റി. തിരുവനന്തപുരം, കുസാറ്റ്, സി.ഡി.എസ്., തുടങ്ങിയ കേന്ദ്രങ്ങൾ ഈ പരിപാടിയിൽ പങ്കാളികളാണ്. സി.എൽ.ആർ.ഐ., സി.സി.എം.ബി. എന്നീ സ്ഥാപനങ്ങളുടെ അനുമതിക്കായി സ്റ്റാറ്റിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്റ്റാറ്റ് പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി യു.ജി.സി., കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. എന്നാൽ ഐ.ഐ.ടി, എൻ.ഐ.ഐ.എസ്.ടി., എ.ഐ.സി.റ്റി.ഇ. തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഈ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സയൻസ് വിഷയങ്ങൾക്ക് ഡിഗ്രി കോഴ്സ്

89(778) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സയൻസ് വിഷയങ്ങൾക്ക് ഡിഗ്രി കോഴ്സ് അനുവദിക്കുന്നതിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടും കോഴ്സുകൾ അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ബി.എസ്സ്സി. ഫിസിക്സ്, എം.എ. ഇംഗ്ലീഷ് എന്നീ കോഴ്സുകൾ തുടങ്ങുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചതിൻ പ്രകാരം പ്രസ്തുത കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

മടപ്പള്ളി സർക്കാർ കോളേജിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

90(779) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വടകര താലൂക്കിലെ മടപ്പള്ളി സർക്കാർ കോളേജിൽ എം.എ. ഇംഗ്ലീഷ്, എം.എസ്സി. മാത്സ്, ബി.എ. മലയാളം എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ സർക്കാർ ആർട്സ്&സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly